(ബി) കേസ് രജിസ്റ്റർ ചെയ്യുന്നതിലും, മറ്റു നിയമ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും ഇവർക്ക് വിവേചനപരമായ പരിഗണന ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ കാര്യത്തിൽ വിവേചന രഹിതമായ നിയമനടപടി ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉന്നതരായ ഉദ്യോഗസ്ഥരും അവരുടെ ബന്ധുക്കളും ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കാളികളായതുമായി ബന്ധപ്പെട്ട് 9 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ കാര്യത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് വിവേചനപരമായ നടപടികളൊന്നും പോലീസ് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ധർമ്മടം-ഹരിജൻ സ്ത്രീയെ മാനഭംഗപ്പെടുത്തിയത് സംബന്ധിച്ച പരാതി

300 (278) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ പടിഞ്ഞിറ്റാമുറി (മമ്പറം) എന്ന സ്ഥലത്ത് ഹരിജൻ സ്ത്രീയെ മാനഭംഗപ്പെടുത്തിയത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാഞ്ഞത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രതി മറ്റേതെങ്കിലും കേസ്സുകളിൽ പ്രതിയാണോ; വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അറസ്റ്റ് ചെയ്തിട്ടില്ല.

(സി) പ്രതി ഒളിവിൽ കഴിഞ്ഞുവരികയാണ്.

(ഡി) പ്രസ്തുത കേസ്സിലെ പ്രതി കുത്തുപറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2120/15, കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 97/14, 117/15, 1265/15 എന്നീ കേസ്സുകളിലും പ്രതിയാണ്.

വെച്ചൂർ പോലീസ് സ്റ്റേഷൻ

301 (279) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ;

(ബി) കോട്ടയം ജില്ലയിലെ വെച്ചൂർ പോലീസ് ഔട്ട് പോസ്റ്റിന് പൂർണ പോലീസ് സ്റ്റേഷൻ പദവി നൽകണമെന്ന നിർദ്ദേശത്തിന്റെ പുരോഗതി എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) വെച്ചൂർ പോലീസ് ഔട്ട് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30 പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചത്. അവ ഏതൊക്കെ എന്നുള്ള വിവരം ചുവടെ ചേർക്കുന്നു:

1. മരട് (കൊച്ചി സിറ്റി)
2. അരുവിക്കര (തിരുവനന്തപുരം റൂറൽ)
3. അയിരൂർ (തിരുവനന്തപുരം റൂറൽ)
4. മാരായമുട്ടം (തിരുവനന്തപുരം റൂറൽ)
5. കല്ലടിക്കോട് (പാലക്കാട്)
6. പൂക്കോട്ടുംപാടം (മലപ്പുറം)